**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 831** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>പുനലൂർ മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. അജയപ്രസാദ് ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** കേരള ജല അതോറിറ്റിയുടെ പബ്ലിക് ഹെൽത്ത് വിഭാഗവും പ്രോജക്റ്റ് വിഭാഗവും പുനലൂർ നിയോജക മണ്ഡലത്തിൽ നിലവിൽ എന്തെല്ലാം പ്രവൃത്തികളും പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ടെന്നും ഓരോ പ്രവൃത്തിയുടെയും പദ്ധതികളുടെയും പ്രവർത്തന പുരോഗതി എന്തെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 1.ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഏരൂർ ഗ്രാമപഞ്ചായത്തിലെ മുഴുവൻ വീടുകളിലേക്കും കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തിയുടെ 73% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

2. ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന ആയിരനല്ലൂർ കുടിവെള്ള പദ്ധതി- ടി പ്രവൃത്തി മൂന്ന് പാക്കേജുകളിലായാണ് നടപ്പിലാക്കി വരുന്നത്.

1. ആയിരനല്ലൂർ വെല്ലിൽ നിന്നും ഇളവറാംകുഴിയിലേക്ക് പമ്പിംഗ് മെയ്ൻ, ഇളവറാംകുഴിയിൽ നിന്നും വിളക്കുപാറ മാർക്കറ്റ് ജംഗ് ഷനിലെ ഉപരിതല ജലസംഭരണിയിലേക്ക് ഗ്രാവിറ്റി മെയിൻ സ്ഥാപിക്കൽ, ഏരൂർ-ഇടമൺ റോഡിലും അനുബന്ധ റോഡുകളിലും വിതരണ ശൃംഖല സ്ഥാപിക്കൽ എന്നി പ്രവൃത്തികളുടെ 30.26% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

2. ഏരൂർ ഗ്രാമപഞ്ചായത്തിലെ മാർക്കറ്റ് ജഗ്ഷനിൽ 4.85 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ നിർമ്മാണവും, അതിൽ നിന്നുള്ള വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്.

3. ആയിരനല്ലൂർ പാലത്തിന് സമീപം കിണർ-പമ്പ് ഹൗസ് നിർമ്മാണം, ഇളവറാംകുഴിയിൽ 5.50 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ജലസംഭരണി, സമ്പ് കം പമ്പ് ഹൗസ്, പ്രഷർ ഫിൽട്ടർ എന്നിവയുടെ നിർമ്മാണവും അനുബന്ധ വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയുടെ 75% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

പുനലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട അഞ്ചൽ, കുളത്തൂപ്പുഴ, ഇടമുളയ്ക്കൽ, കരവാളൂർ, തെന്മല, ആര്യങ്കാവ് പഞ്ചായത്തുകളിൽ ജൽ ജീവൻ മിഷൻ പദ്ധതിയും പുനലൂർ മുനിസിപ്പാലിറ്റിയിൽ അമൃത് 2.0 പദ്ധതിയും നിലവിൽ പബ്ലിക് ഹെൽത്ത് ഡിവിഷൻ, കൊട്ടാരക്കരയുടെ കീഴിൽ നടപ്പിലാക്കി വരുന്നു.

**1. അഞ്ചൽ പഞ്ചായത്ത്**

അഞ്ചൽ പഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പദ്ധതി മുഖേന 23.72 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഇതിന്റെ ഭാഗമായി 149.4 കിലോമിറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുകയും 8,052 പുതിയ കുടിവെള്ള കണക്ഷനുകൾ നൽകി പ്രവൃത്തി പൂർത്തികരിക്കുകയും ചെയ്തിട്ടുണ്ട്.

**2. കുളത്തൂപ്പുഴ പഞ്ചായത്ത്**

കുളത്തൂപ്പുഴ പഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിക്കായി 38.46 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിരുന്നു. ഇതിന്റെ ഭാഗമായി 149.4 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുകയും 6,276 പുതിയ കുടിവെള്ള കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള കുടിവെള്ള പദ്ധതിയിലൂടെ ജലവിതരണം നടത്തി വരുന്നു. എന്നാൽ ഉൽപാദിപ്പിക്കുന്ന ജലത്തിന്റെ അളവ് ആകെ കണക്ഷനുകൾക്ക് ആവശ്യാനുസരണം വെള്ളം എത്തിക്കുന്നതിന് പര്യാപ്തമല്ലെന്ന് കണ്ടെത്തിയതിനാൽ, ഉൽപാദനശേഷി പ്രതിദിനം 10.5 ദശലക്ഷം ലിറ്ററിൽ നിന്ന് 16.5 ദശലക്ഷം ലിറ്ററായി ഉയർത്തുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ജൽ ജീവൻ മിഷനിൽ ഉൾപ്പെടുത്തി ഇതിന്റെ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

നിലവിലെ പമ്പ് ഹൗസിന്റെ സമീപത്തായി പുതിയ ആറ് മീറ്റർ വ്യാസമുള്ള കിണറും പമ്പ് ഹൗസും പമ്പുകളും സ്ഥാപിക്കുകയും, നിലവിലുള്ള ജലശുദ്ധീകരണശാലയുടെ സമീപത്ത് പുതുതായി നിർമ്മിക്കുന്ന 6 ദശലക്ഷം ലിറ്റർ ഉൽപാദനശേഷിയുള്ള ജലശുദ്ധീകരണ ശാലയിലേക്ക് പമ്പിംഗ് മെയിൻ സ്ഥാപിക്കുകയും ചെയുന്ന പ്രവൃത്തികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**3. ഇടമുളയ്ക്കൽ പഞ്ചായത്ത്**

ഇടമുളയ്ക്കൽ പഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പദ്ധതി മുഖേന 3,841.70 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. നിലവിൽ ടി പഞ്ചായത്തിൽ 5,600 കുടിവെള്ള കണക്ഷനുകൾ നൽകുകയും 103 കി.മീ. പൈപ്പ് ലൈൻ വിവിധ വാർഡുകളിലായി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

**4. കരവാളൂർ പഞ്ചായത്ത്**

കരവാളൂർ പഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പദ്ധതി മുഖേന 3,953.31 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. നാളിതുവരെ 4,362 കുടിവെള്ള കണക്ഷനുകൾ നൽകുകയും 110 കി.മീ. പൈപ്പ് ലൈൻ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

**5. തെന്മല പഞ്ചായത്ത്**

തെന്മല പഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പദ്ധതി മുഖേന 4,554 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. നാളിതുവരെ 680 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. 18 കി.മീ. പൈപ്പ് ലൈൻ സ്ഥാപിക്കുകയും, കൂടാതെ പുതിയ സ്രോതസ്സുകളായി 6 കുഴൽക്കിണറുകളും 4 കിണറുകളും നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

ടി സ്രോതസ്സുകളുടെ അനുബന്ധ പ്രവൃത്തികൾ, നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ നവീകരണം, ജലസംഭരണികൾ സ്ഥാപിക്കൽ, പ്രസരണ-വിതരണ ശൃംഖല സ്ഥാപിച്ച് കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തികൾ എന്നിവ നിലവിൽ പുരോഗമിച്ചുവരുന്നു.

**6. ആര്യങ്കാവ് പഞ്ചായത്ത്**

ആര്യങ്കാവ് പഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പദ്ധതി മുഖേന 3,328 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 3,261 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. നാളിതുവരെ 195 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്.

ഡി.പി.ആർ. പ്രകാരമുള്ള 83 കി.മി. പൈപ്പ് ലൈനിൽ 2 കി.മീ. പൈപ്പ് ലൈൻ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പുതിയ സ്രോതസ്സുകളായി 5 കുഴൽക്കിണറുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും അവയിൽ 3 എണ്ണം പരാജയപ്പെടുകയുണ്ടായി.

പുതിയ സ്രോതസ്സുകളുടെ നിർമ്മാണം, അനുബന്ധ പ്രവൃത്തികൾ, നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ നവീകരണം, ജലസംഭരണികൾ സ്ഥാപിക്കൽ, പ്രസരണ-വിതരണ ശൃംഖല സ്ഥാപിച്ച് കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തികൾ എന്നിവ നിലവിൽ പുരോഗമിച്ചുവരുന്നു.

**(ബി)** പുനലൂർ നിയോജക മണ്ഡലത്തിലുൾപ്പെട്ട മുഴുവൻ ഗ്രാമ പഞ്ചായത്തുകളിലെയും 'ജൽ ജീവൻ മിഷൻ' പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി ഓരോ ഗ്രാമ പഞ്ചായത്തുകളും വേർതിരിച്ച് വിശദമാക്കാമോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** പുനലൂർ നഗര സഭയിലെ 'അമൃത് പദ്ധതി' പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ പുരോഗതി എന്താണെന്ന് വ്യക്തമാക്കാമോ?

**മറുപടി:** പുനലൂർ മുനിസിപ്പാലിറ്റിക്കുവേണ്ടി മാത്രമായി സമഗ്ര കുടിവെള്ള പദ്ധതിയുടെ ആദ്യ ഘട്ടമെന്ന നിലയിൽ 16 ദശലക്ഷം ലിറ്റർ പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണശാലയും 9 മിറ്റർ വ്യാസമുള്ള കിണറും നിർമ്മിക്കുന്നതിനായി മാത്രമാണ് അമൃത് 2.0 പദ്ധതിയിൽ 25 കോടി രൂപയുടെ അനുമതി ലഭ്യമായിട്ടുള്ളത്.

പദ്ധതി പൂർത്തികരിക്കുവാൻ പ്രസ്തുത തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയതിനെതുടർന്ന് അമൃത് കോർ കമ്മിറ്റി യോഗതീരുമാനം പ്രകാരം നിലവിലെ ജലശുദ്ധീകരണശാല സ്ഥിതി ചെയ്യുന്ന സ്ഥലത്ത് പ്രാഥമിക സർവേ നടപടികളും സോയിൽ ഇൻവെസ്റ്റിഗേഷനും പൂർത്തിയാക്കി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇവ ഉൾപ്പെടുത്തിയ ഡീവിയേഷൻ പ്രൊപ്പോസലിന് സ്റ്റേറ്റ് ഹൈ പവർ സ്റ്റിയറിംഗ് കമ്മിറ്റിയുടെ (SHPSC) അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തിയുടെ സാങ്കേതികാനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ ആരംഭിക്കാൻ കഴിയുന്നതാണ്.

പബ്ലിക് ഹെൽത്ത് ഡിവിഷൻ കൊട്ടാരക്കര അമൃത് 2.0 പദ്ധതി മുഖേന നാല് പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. ഇതിൽ ഒരുപ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. മൂന്ന് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. അമൃത് 2.0 - പുനലൂർ മുനിസിപ്പാലിറ്റിയിലെ മണിയാർ, ഭരണിക്കാവ്, കോളേജ് വാർഡുകളിലെ വീടുകളിലേക്ക് പഴയ പൈപ്പുകൾ മാറ്റി പി.വി.സി. പൈപ്പുകൾ സ്ഥാപിക്കുകയും കുടിവെള്ള കണക്ഷനുകൾ നൽകുകയും ചെയ്യുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

2. അമൃത് 2.0 - പുനലൂർ മുനിസിപ്പാലിറ്റിയുടെ കിഴക്കൻ ഭാഗത്തെ വിവിധ വാർഡുകളിൽ ജലവിതരണത്തിനായി കലയനാട് പ്രദേശത്ത് ഒ.എച്ച്. ടാങ്കോടുകൂടിയ ബൂസ്റ്റിംഗ് പമ്പ് ക്രമീകരണം നിർമ്മിക്കുന്ന പ്രവൃത്തിയിൽ കലയനാട് പ്രദേശത്ത് 60,000 ലിറ്റർ ശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 1,800 മീറ്റർ പമ്പിംഗ് മെയിനും 43.49 കി.മി. വിതരണ ശൃംഖലയും സ്ഥാപിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഭാഗമായി 50 കുടിവെള്ള കണക്ഷനുകൾ നാളിതുവരെ നൽകിയിട്ടുണ്ട്. പ്രവൃത്തി നിലവിൽ പുരോഗമിച്ചുവരുന്നു.

3. അമൃത് 2.0 - തുമ്പോട് പദ്ധതിയ്ക്കായി പുതിയ OHSR-ന്റെ നിർമ്മാണം, നിലവിലുള്ള പമ്പ് സെറ്റ്, വിതരണ ലൈൻ എന്നിവ മാറ്റിസ്ഥാപിക്കൽ, പുതിയ വിതരണ ലൈനുകൾ, അനുബന്ധ പ്രവൃത്തികൾ,

പുതിയ കണക്ഷനുകൾ നൽകൽ എന്നിവ ഉൾപ്പെടുന്ന പ്രവൃത്തികളിൽ 1,500 മീറ്റർ പമ്പിംഗ് മെയിനും 6.4 കി.മി. വിതരണ ശൃംഖലയും സ്ഥാപിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഭാഗമായി 420 കുടിവെള്ള കണക്ഷനുകൾ നാളിതുവരെ നൽകിയിട്ടുണ്ട്. പ്രവൃത്തി നിലവിൽ പുരോഗമിച്ചുവരുന്നു.

4. അമൃത് 2.0 - പുനലൂർ മുനിസിപ്പാലിറ്റിയിലേക്കുള്ള നിലവിലുള്ള കുടിവെള്ള പദ്ധതിയുടെ നവീകരണം, എ.സി. പൈപ്പുകൾ മാറ്റിസ്ഥാപിക്കൽ, 9 MLD ജലശുദ്ധീകരണശാലയുടെ നവീകരണം എന്നിവ ഉൾപ്പെടുന്ന പ്രവൃത്തി ആരംഭ ഘട്ടത്തിലാണ്.

**സെക്ഷൻ ഓഫീസർ**